# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 67 05/02/2020-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ അക്കൗണ്ടിലൂടെ നൽകുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ടി.ജെ. വിനോദ്<br>,, എ.പി. അനിൽ കുമാർ :** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സർക്കാർ പദ്ധതികൾ പട്ടികവർഗ്ഗക്കാരിൽ എത്തുന്നില്ലായെന്നും അവർക്കായി അനുവദിക്കുന്ന ആനുകൂല്യങ്ങൾ ഇടനിലക്കാർ തട്ടിയെടുക്കുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ചില സർക്കാർ പദ്ധതികളുടെ ആനുകൂല്യം പട്ടികവർഗ്ഗക്കാരിൽ എത്തുന്നില്ലായെന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയായ ജനനി ജന്മരക്ഷ പദ്ധതിയിൽ (ഗർഭിണികൾക്ക് അനുവദിക്കുന്ന പ്രതിമാസ ആനുകൂല്യം) യഥാർത്ഥ ഗുണഭോക്താക്കൾക്ക് യഥാസമയം ലഭ്യമാകാതെയിരുന്നത് ശ്രദ്ധയിൽപ്പെടുകയും ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥനെ സസ്പെൻറ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എല്ലാ നടപടികളും സ്വീകരിക്കുകയുണ്ടായി.<br><br>പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ നേരിട്ട് അവരുടെ കൈകളിൽ എത്തിക്കുന്നതിനായി ബാങ്കുകളുമായി ചേർന്ന് ഒരു സ്പെഷ്യൽ ബാങ്ക് അക്കൗണ്ട് ഡ്രൈവ് നടത്തി സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതിന്റെ ഫലമായി, ബാങ്ക് അക്കൗണ്ട് ഇല്ലാതിരുന്ന എല്ലാ പട്ടികവർഗ്ഗക്കാർക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുകയും എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. |
| (ബി) | ആദിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നേരിട്ട് ഇടപെടൽ വേണമെന്ന് കേന്ദ്ര സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ആദിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നേരിട്ട് ഇടപെടൽ വേണമെന്ന് നിർദ്ദേശങ്ങളൊന്നും വകുപ്പിൽ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ധനസഹായം പട്ടികവർഗ്ഗക്കാരുടെ അക്കൗണ്ടിൽ ലഭിക്കുന്ന വിധത്തിൽ ക്രമീകരണം നടത്തുവാൻ ഉള്ള നിർദ്ദേശം പട്ടികവർഗ്ഗക്കാർക്ക് ഗുണ കരമാണെന്ന് കരുതുന്നുണ്ടോ; | (സി) | ഗുണകരമാണെന്ന് കരുതുന്നുണ്ട്. ഇതിലൂടെ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെയും ആനുകൂല്യം നേരിട്ട് പട്ടികവർഗ്ഗക്കാരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി ഇതിനകം സർക്കാർ സ്വീകരിച്ചു കഴിഞ്ഞു. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യം പൂർണ്ണമായും സുതാര്യവും ഗുണപ്രദവുമാക്കുകയെന്ന ലക്ഷ്യത്തോടെ ഒരു ബാങ്ക് അക്കൗണ്ട് ഡ്രൈവ് നടത്തി എല്ലാ ഗുണഭോക്താക്കൾക്കും ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ടി അക്കൗണ്ടുകളിലേയ്ക്ക് 'ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ' വഴി ആനുകൂല്യങ്ങൾ നൽകി വരുന്നു. |



സെക്ഷൻ ഓഫീസർ